LIBRARY ARCHIVES Kerala Legislative Assembly

ഗോരക്ഷാ മിഷൻ

23 [*227] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

,, വി. ഡി. സതീശൻ :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗോരക്ഷാ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതു വരെ എത്ര ആടുമാടുകൾക്ക് കുത്തിവയ്പ്പ് നൽകി ;

(ബി) പ്രതിരോധ കുത്തിവയ്പ് നൽകാത്ത ആടുമാടുകളെ കേരളത്തിലേക്ക് കടത്താതിരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ;

(സി) കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് പ്രതിദിനം എത്ര പശുക്കളെ കടത്തുന്നു ;

(ഡി) ഇവയെ കുത്തിവയ്പ്പിന് വിധേയമാക്കിയതാണോ എന്നുറപ്പാക്കുവാൻ എന്തു നടപടി എടുത്തു ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ആകെ 11,95,369 കന്നുകാലികൾക്ക് കുത്തിവയ്പ്പ് നടത്തി.

(ബി) വകുപ്പിന്റെ അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും അതിർത്തികളിലെ കന്നുകാലി പരിശോധന കാര്യക്ഷമമാക്കുന്നതിനും നടപടികളെടുത്തിട്ടുണ്ട്.

(സി) ശരാശരി 1500 പശുക്കളെ കേരളത്തിലേക്ക് ചെക്ക്പോസ്റ്റുകൾവഴി കടത്തുന്നുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

'സ്വദേശി' ഉൽപ്പന്നങ്ങൾ

24 [*228] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന 'സ്വദേശി' ഉൽപ്പന്നങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ 'സ്വദേശി' ഉൽപ്പന്നങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷനിൽക്കൂടി വിപണനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കുടുംബശ്രീ യൂണിറ്റുകളുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന ശാലകളിലൂടെ വിൽപ്പന നടത്തിവരുന്നുണ്ട്. എന്നാൽ 'സ്വദേശി' എന്ന പേരിലുള്ള കുടുംബശ്രീ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണന കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തുന്നില്ല.

(ബി) ബാധകമല്ല.